# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 875 — 11/03/2015 - ൽ മറുപടിക്ക്

### ഉൾനാടൻ ജലപാതകളുടെ സാധ്യതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ. എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ഉൾനാടൻ ജലപാതകൾ ഉപയോഗപ്പെടുത്തിയുള്ള ഗതാഗതത്തിനും, ചരക്കു കടത്തിനും, ടൂറിസം വികസനത്തിനും സംസ്ഥാനത്തിന് അനന്തസാധ്യതകളുണ്ടെന്ന കേന്ദ്ര ഷിപ്പിംഗ് ഗതാഗത മന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ സംസ്ഥാന ജലപാതകളുടെ സമഗ്രവികസനത്തിന് ലക്ഷ്യമിട്ടുള്ള പദ്ധതി, ഗതാഗത, വിനോദസഞ്ചാര വകുപ്പുകളുമായി ചേർന്ന് തയ്യാറാക്കി കേന്ദ്ര സഹായം നേടിയെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; | (ബി) ജലപാതയുടെ വികസനത്തിനായി കോവളം മുതൽ നീലേശ്വരം വരെയുള്ള 590 കി.മീ കനാൽ സഞ്ചാരയോഗ്യമാക്കുന്നതിന് പഠനങ്ങൾ നടത്തുകയും എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായവും, നബാർഡിന്റെ ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പുമായും മറ്റും സഹകരിക്കുന്നതിന് തടസ്സങ്ങളില്ല. |

(സി)സംസ്ഥാനത്ത് ഗതാഗതത്തിന് ഉപയോഗപ്പെടുത്തുന്ന എത്ര കിലോമീറ്റർ ജലപാത നിലവിലുണ്ടെന്നും ഗതാഗതാവശ്യത്തിന് വികസിപ്പിക്കാൻ അനുയോജ്യമായ പാതകൾ എത്ര കിലോമീറ്റർ ലഭ്യമാണെന്നുമുള്ള കണക്ക് വെളിപ്പെടുത്തുമോ?

(സി) 590 കി.മീ നീളമുള്ള പടിഞ്ഞാറൻ തീരദേശ ജലപാതയുടെ 320 കി.മീ ദൂരം നിലവിൽ ഗതാഗതത്തിന് യോഗ്യമാണ്. 80 കി.മീ ദൂരം ഗതാഗത ഉപയുക്തമാക്കുവാൻ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു. ശേഷിക്കുന്ന 190 കി.മീ ദൂരം കൂടി വികസന പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ